"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിലെ ക്രമക്കേട് - കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ ശ്രീ അബ്ദുൾ മജീദ് റ്റി പി-യുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.161/2024/AGRI തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:-

1. സപ്ലൈകോ വിജിലൻസ് ഓഫീസറുടെ 20/03/2020, ലെ Vig 1/349/2020 നം.അന്വേഷണ റിപ്പോർട്ട്.
2. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 30/03/2020, 12/11/2020 എന്നീ തീയതികളിലെ ഡി1/22102/2016 , ഡി1/28614/2020 എന്നീ നമ്പർ നടപടിക്രമങ്ങൾ.
3. ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പിന്റെ 30/03/2020-ലെ ഭ.പൊ.വി.വ നം.കത്ത്
4. 31/03/2021 ലെ കൃഷി-ഇ എ3/43/2020-കൃഷി നമ്പർ കുറ്റാരോപണ മെമ്മോ.
5. 03/05/2021 ലെ ശ്രീ അബ്ദുൾ മജീദ് റ്റി പി യുടെ പ്രതിവാദ പത്രിക.
6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/06/2021, 18/06/2021 എന്നീ തീയതികളിലെ എസ്.ബി (2) 184/2020 നമ്പർ കത്ത്.
7. 17/08/2021 ലെ സ. ഉ.(സാധാ) നം.658/2021/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

06/09/2021 ലെ കൃഷി-ഇ എ3/43/2020-കൃഷി നമ്പർ പ്രകാരം

8. ഭേദഗതി വരുത്തിയ കുറ്റാരോപണ മെമ്മോ.

9. 23.02.2022 ലെ ശ്രീ അബ്ദുൾ മജീദ് റ്റി പി യുടെ പ്രതിവാദ പത്രിക.

10. 01/07/2022-ലെ കൃഷി വകുപ്പ് ഡയറക്ടറുടെ എസ്.ബി (2) 184/2020 നമ്പർ അഭിപ്രായക്കുറിപ്പ്.

11. 04/07/2022 ലെ സ. ഉ.(സാധാ) നം.588/2022/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

12. 12/10/2022-ലെ എസ്.വി.സി (3) 7170/2022 നമ്പർ അന്വേഷണ റിപ്പോർട്ട് .

13. 23/01/2023-ലെ സ. ഉ.(സാധാ) നം.64/2023/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

14. 23.02.2023 ലെ ശ്രീ അബ്ദുൾ മജീദ് റ്റി പി യുടെ അപേക്ഷ.

15. 07/12/2023-ലെ കൃഷി വകുപ്പ് ഡയറക്ടറുടെ എ.ഡി.എഫ്.ഡബ്ല്യൂ 2504/2023-SB2 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിലെ ഗുരുതരമായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ഓഫീസർ പരാമർശം 1 പ്രകാരം ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പിന് സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ അന്യത്ര സേവന വ്യവസ്ഥയിൽ പാഡി മാർക്കറ്റിങ് ഓഫീസറായി ജോലി ചെയ്തിരുന്ന ശ്രീ.ടി.പി. അബ്ദുൾ മജീദിനെ സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം 30/03/2020-ന് വേല വിലക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നല്കുകയും ചെയ്തു. പരാമർശം (5) ലെ ശ്രീ.ടി.പി. അബ്ദുൽ മജീദിന്റെ പ്രതിവാദ പത്രികയുടെയും പരാമർശം (6) ലെ കൃഷി വകുപ്പ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സപ്ലൈകോയിൽ നിന്ന് വിടുതൽ ചെയ്ത് 23/11/2020-ൽ മാതൃ വകുപ്പിൽ റിപ്പോർട്ട് ചെയ്ത ടിയാളെ പരാമർശം (7) പ്രകാരം 17/08/2021 ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി.

2. എന്നാൽ പാലക്കാട് ജില്ലയിലെ ആലത്തൂർ കൃഷി ഭവനു കീഴിലുള്ള പാടശേഖരങ്ങളിലെ നെല്ലു സംഭരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വി.എ.സി.ബി അന്വേഷണം നടത്തുകയും പ്രസ്തുത റിപ്പോർട്ടിൽ ടിയാനെതിരെ വകുപ്പുതല നടപടിയും സർക്കാരിന് നഷ്ടം സംഭവിച്ച 1,30,000/- രൂപ പാലക്കാട് പാഡികോ മില്ലിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയതിൽ തടസ്സങ്ങൾ നേരിടുന്ന പക്ഷം ഈ തുക ശ്രീ.അബ്ദുൾ മജീദ്.ടി.പി യിൽ നിന്നും ഈടാക്കേണ്ടതാണെന്നും ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം ഭേദഗതി വരുത്തിയ കുറ്റാരോപണ മെമ്മോ ശ്രീ.ടി.പി. അബ്ദുൾ മജീദിന് നല്കുകയുണ്ടായി. ആയതിന്മേൽ പരാമർശം (9) പ്രകാരം ശ്രീ അബ്ദുൾ മജീദ് റ്റി പി പ്രതിവാദ പത്രിക സമർപ്പിയ്ക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ ടി ക്രമക്കേടുമായി ടിയാൾക്ക് നേരിട്ടോ പരോക്ഷമായോ യാതൊരു ബന്ധവുമില്ലെന്നും സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടാക്കിയിട്ടില്ലെന്നും വാദിയ്ക്കുകയുണ്ടായി. പരാമർശം (10) പ്രകാരം സപ്ലൈകോ ലഭ്യമാക്കിയ റിപ്പോർട്ടിൽ ശരാശരി വിളവിലും അധികമായി കർഷകരിൽ നിന്നും നെല്ല് സംഭരിച്ചിട്ടില്ലായെന്നും കർഷകർ ഒപ്പിട്ടു നല്കിയ തൂക്കുചീട്ട്, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിനു ശേഷമാണ് PRS അംഗീകരിച്ചു നല്കിയതെന്നും തൂക്കുചീട്ടിന് സമാനമായ അളവിൽ തന്നെ മില്ലുകാർ നെല്ല് സംഭരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ അബ്ദുൾ മജീദ് റ്റി പിയ്ക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി ശ്രീ മനോജ് കുമാർ പി.എൻ-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു കൊണ്ട് പരാമർശം (11) പ്രകാരം ഉത്തരവാകുകയുണ്ടായി.

3. അന്വേഷണ ഉദ്യോഗസ്ഥന്റെ പരാമർശം (12) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ കർഷകരുടെ കൃഷിസ്ഥല വിസ്തൃതിയ്ക്ക് ആനുപാതികമായ ശരാശരി വിളവ് അടിസ്ഥാനപ്പെടുത്തിയുള്ള നെല്ല് മാത്രമാണ് സംഭരിച്ചിട്ടുള്ളതെന്നും തൂക്കുചീട്ടിന് സമാനമായ അളവിൽ തന്നെ മില്ലുകാർ നെല്ല് സംഭരിച്ചിട്ടുള്ളതിനാലും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് നെല്ല് വാങ്ങി വിറ്റിട്ടില്ലാത്തതിനാലും ഈ നടപടിയിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലാത്തതിനാൽ ശ്രീ അബ്ദുൾ മജീദ് റ്റി പിയുടെ മേൽ ചുമത്തിയിരുന്ന ആരോപണങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന

ശിപാർശ പരിഗണിച്ച് പരാമർശം (12) പ്രകാരം ടി യാനെതിരെയുള്ള അച്ചടക്ക നടപടി സെൻഷ്വർ നല്കി തീർപ്പാക്കുകയുണ്ടായി.

4. മലപ്പുറം ജില്ലയിലെ പൊൻമുണ്ടം കൃഷി ഓഫീസറായിരുന്ന ശ്രീ . ടി.പി.അബ്ദുൾ മജീദ് തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വ്യാജരേഖകളുണ്ടാക്കി 2007-2008 കാലത്ത് ഹോർട്ടി കൾച്ചർ മിഷൻ പ്രോജക്ടിൽ നിന്ന് 9,000/- രൂപ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെതിരെയുള്ള അച്ചടക്ക നടപടി, വിജിലൻസ് വകുപ്പിന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ ശ്രീ അബ്ദുൾ മജീദ് റ്റി. പി.യിൽ നിന്നും 9000/- രൂപ 18% പലിശ ഉൾപ്പടെ തിരിച്ചടക്കണം എന്ന വ്യവസ്ഥയിൽ 07.01.2021 തീയതിയിലെ സ.ഉ(സാധാ)നം.23/2021/കൃഷി ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു.

5. ശ്രീ അബ്ദുൾ മജീദ്.റ്റി.പിയ്ക്ക് എതിരെ മലപ്പുറം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഫയൽ ചെയ്ത ക്രൈം നമ്പർ 12/2016 കേസിനെതിരെ ടിയാൻ ബഹു:കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 5912/2023 നമ്പർ അപേക്ഷയിന്മേലുള്ള ബഹു:ഹൈക്കോടതിയുടെ 25/07/2023-ലെ CMAPPL No.1/2023 in CRL.MC No.5912/2023 എന്ന ഉത്തരവിൽ ടി കേസിലെ നടപടികൾ താല്ക്കാലികമായി സ്റ്റേ ചെയ്തുകൊണ്ടും ടി സ്റ്റേ, മേൽ കേസ് തീർപ്പാകുന്നതുവരെ ദീർഘിപ്പിച്ചുകൊണ്ടും ബഹു:ഹൈക്കോടതി ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 30-03-2020 മുതൽ 16-08-2021 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (15) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ ശ്രീ. അബ്ദുൾ മജീദ്. റ്റി.പി യുടെ 30-03-2020 മുതൽ 16-08-2021 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീ. അബ്ദുൾ മജീദ്. റ്റി.പി **(Through DA)**

ധനകാര്യ വകുപ്പ്(**19-01-2024**-ലെ ധന -അഗ്രി-**A1/1/2024**-ധന ഫയൽ )

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി. (കൃഷി-ഇ എ**3/43/2020**-കൃഷി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

കൃഷി വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്.